"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആയുഷ് വകുപ്പ് - ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - ഡോ.സുരേഷ് ടി.ആർ, പ്രൊഫസർ - തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിൽ മൂന്ന് മാസത്തേക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമനം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (എ) വകുപ്പ്**

സ.ഉ.(സാധാ) നം.25/2026/AYUSH തീയതി,തിരുവനന്തപുരം, 13-01-2026

---

പരാമർശം:-
1. ഡോ. ടി ആർ സുരേഷ് സമർപ്പിച്ച 30.09.2025 ലെ അപേക്ഷ
2. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 29.10.2025 ലെ ഇ1/1208/2025/ഡിഎഎംഇ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം ഡോ.സുരേഷ് .ടി.ആർ സമർപ്പിച്ചിട്ടുള്ള അപ്പീൽ അപേക്ഷയിൽ ടിയാൻ ഭിന്നശേഷി വിഭാഗത്തിൽ പെട്ട ജീവനക്കാരനായതിനാലും നിലവിൽ ഹൃദയസംബന്ധമായ രോഗത്തിന് ചികിത്സയിൽ തുടരുന്നതിനാലും ടിയാന്റെ വ്യക്തിഗത ആരോഗ്യം ഉൾപ്പെടെയുള്ള ജീവിത സാഹചര്യങ്ങൾ പരിഗണിച്ച് ടിയാളെ തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിക്കുന്നതിനു വേണ്ട തുടർ നടപടികൾ സ്വീകരിക്കണമെന്ന് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരാമർശിത കത്ത് പ്രകാരം ശുപാർശ ചെയ്തിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശ പരിഗണിച്ച് തൃപ്പൂണിത്തുറ സർക്കാർ ആയുർവേദ കോളേജിലെ രചനശരീര വകുപ്പിലെ പ്രൊഫസർ ഡോ.സുരേഷ് ടി.ആർ ന് തിരുവനന്തപുരം സർക്കാർ ആയുർവേദ കോളേജിൽ മൂന്ന് മാസത്തേക്ക് ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SEEMA S
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ഡോ.സുരേഷ് ടി.ആർ., പ്രൊഫസർ ( ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, വെബ് & മീഡിയ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Baiju G
Date: 13-01-2026 16:16:23
സെക്ഷൻ ഓഫീസർ

പകർപ്പ് - ആരോഗ്യവും വനിത ശിശുവികസനവും വകുപ്പ് മന്ത്രിയുടെ പി എസിന്